വളരെ അടിയന്തിരം

"ഭരണഭാഷ - മാതൃഭാഷ"

# വ്യാവസായിക പരിശീലന വകുപ്പ്

## (കേരള സംസ്ഥാനം)

നമ്പർ:G1/8700/17

ട്രെയിനിംഗ് ഡയറക്ടറേറ്റ്,
തൊഴിൽ ഭവൻ, പി.എം.ജി
വികാസ് ഭവൻ പി.ഒ
തിരുവനന്തപുരം - 33
തീയതി: 31/05/2017

## ചുറ്ററിയിപ്പ്

**വിഷയം:-** വ്യാവസായിക പരിശീലന വകുപ്പ് - ട്രെയിനിംഗ് ഡയറക്ടറേറ്റ് - അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് ജൂലൈ 2017 (സെമസ്റ്റർ സ്കീം) - പരീക്ഷ എഴുതുന്നതിന് അവസരം പൂർത്തിയായ ട്രെയിനികളുടെ അപേക്ഷകൾ സ്വീകരിക്കുന്നത് - സംബന്ധിച്ച്.

-----

സെമസ്റ്റർ സ്കീം പ്രകാരം അഡ്മിഷൻ നേടിയ ട്രെയിനികൾക്ക് തുടർച്ചയായ അഞ്ച് വർഷത്തിനുള്ളിൽ അഞ്ച് അവസരങ്ങളാണ് പരീക്ഷ എഴുതാൻ അനുവദിക്കുന്നത്. ആയത് പ്രകാരം ആഗസ്റ്റ് 2014 ൽ അഡ്മിഷനായ ട്രെയിനികൾ തുടർച്ചയായി 5 അവസരങ്ങൾ ഉപയോഗപ്പെടുത്തി എങ്കിൽ സപ്ലിമെന്ററിയായി ഒന്നാം സെമസ്റ്റർ എഴുതുന്നതിനുള്ള അവസാന അവസരം ജനുവരി 2017 പരീക്ഷ യോടു കൂടി പൂർത്തിയാകുകയുണ്ടായി. ആഗസ്റ്റ് 2014 ൽ അഡ്മിഷനായതും ഏതെങ്കിലും അവസരത്തിൽ ഒന്നാം സെമസ്റ്റർ (സപ്ലിമെന്ററി) എഴുതുന്നതിന് അപേക്ഷ സമർപ്പിച്ച് ഹാൾടിക്കറ്റ് എം.ഐ.എസ് പോർട്ടൽ മുഖേന ജനറേറ്റ് ചെയ്തി ട്ടില്ലായെങ്കിൽ മാത്രമേ ടി ട്രെയിനികൾക്ക് ഒന്നാം സെമസ്റ്റർ (സപ്ലിമെന്ററി) പരീക്ഷ എഴുതാൻ സാധിക്കുകയുള്ളൂ. ടി വിവരം ട്രെയിനികളുടെ ശ്രദ്ധയിൽപ്പെടു ത്തേണ്ടും സമർപ്പിക്കുന്ന അപേക്ഷകളുടെ സാധുത എം.ഐ.എസ് പോർട്ടലിലും അനുബന്ധരേഖകളിലും പരിശോധിച്ച് ഉറപ്പുവരുത്തി മാത്രമേ അത് സ്ഥാപനമേ ധാവികൾ സ്വീകരിക്കാൻ പാടുള്ളൂ. അതാത് സ്ഥാപനമേധാവികൾ ഹാജരാക്കുന്ന അപേക്ഷകളിൽ നോഡൽ ഐ.ടി.ഐ പ്രിൻസിപ്പാൾമാരും ടി വിവരങ്ങൾ പരിശോധിച്ച് ഉറപ്പാക്കേണ്ടതാണ്. എം.ഐ.എസ് പോർട്ടൽ മുഖേന ഹാൾടിക്കറ്റ് ലഭിക്കാതെ പരീക്ഷ എഴുതാനുള്ള അവസരം ട്രെയിനികൾക്ക് നഷ്ടമാകുകയാണെങ്കിൽ അതിനുള്ള പൂർണ്ണ ഉത്തരവാദിത്വം അതാത് സ്ഥാപനമേ ധാവികൾക്ക് മാത്രമായിരിക്കും എന്ന് പ്രത്യേകം ഓർമ്മപ്പെടുത്തുന്നു.

ആഗസ്റ്റ് 2013 ൽ അഡ്മിഷനായ ട്രെയിനികൾക്കും സപ്ലിമെന്ററിയായി ഒന്ന്, രണ്ട്, മൂന്ന് സെമസ്റ്റർ പരീക്ഷ എഴുതാനുള്ള അവസരങ്ങൾ പൂർത്തിയാകു കയുണ്ടായി. അഞ്ച് വർഷത്തിനുള്ളിൽ അഞ്ച് അവസരങ്ങൾ വിനിയോഗിക്കാത്ത ട്രെയിനികൾക്ക് മാത്രമേ സപ്ലിമെന്ററിയായി ടി പരീക്ഷകൾ എഴുതാൻ സാധിക്കുകയുള്ളൂ. ട്രെയിനികൾ അപേക്ഷ സമർപ്പിക്കുന്ന അവസരത്തിൽ ടി വിവരങ്ങൾ സ്ഥാപനമേധാവികൾ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

ട്രെയിനിംഗ് ഡയറക്ടർക്കുവേണ്ടി.

എല്ലാ ഗവ/എസ്.സി.ഡി.ഡി/എസ്.റ്റി.ഡി.ഡി/സ്വകാര്യ
ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്കും.
പകർപ്പ്: വകുപ്പ് വെബ്സൈറ്റിലേയ്ക്ക്.

S/01.06